# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1407** **02.03.2017-ൽ മറുപടിയ്ക്ക്**

**<u>തൈക്കടം- തലമിറ്റം ദ്വീപ് ബണ്ട് കെട്ടി മത്സ്യകൃഷി നടത്തുന്നതിന് നടപടി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയോട് ചേർന്ന് കിടക്കുന്ന തൈക്കടം- തലമിറ്റം ദ്വീപ്, ബണ്ട് കെട്ടി മത്സ്യകൃഷി നടത്തുന്നതിലേക്കായി ഏത്രൂർ ദേശത്തെ പെരീക്കാട്, കുന്നറ, കടക്കോടം ഭാഗങ്ങളിൽ താമസിക്കുന്ന മത്സ്യതൊഴിലാളികൾ നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;<br><br>ബി) ഈ നിവേദനത്തെ തുടർന്ന് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ; | എ) യും ബി) യും<br><br>തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയോട് ചേർന്ന് കിടക്കുന്ന തൈക്കടം- തലമിറ്റം ദ്വീപ്, ബണ്ട് കെട്ടി മത്സ്യകൃഷി നടത്തുന്നതിലേക്കായി ഏത്രൂർ ദേശത്തെ പെരീക്കാട്, കുന്നറ, കടക്കോടം ഭാഗങ്ങളിൽ താമസിക്കുന്ന മത്സ്യതൊഴിലാളികൾ നൽകിയ നിവേദനത്തെ തുടർന്ന് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിൽ നിന്നും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയോട് ചേർന്ന് കിടന്നിരുന്ന തൈക്കുടം ദ്വീപ് ചുറ്റിപോയിരുന്ന ഉൾപ്പുഴ, ബാർജുകൾ കൊണ്ടു പോകുന്നതിനായി ചമ്പക്കര കനാൽ നിർമ്മിച്ചതോടെ ഒറ്റപ്പെട്ട് പോകുകയും നീരൊഴുക്ക് ഇല്ലാതെ എക്കലും പായലും നിറഞ്ഞ് മലിനമാക്കപ്പെടുകയും ടി പുഴയെ ആശ്രയിച്ച് മത്സ്യബന്ധനം നടത്തിയിരുന്ന മത്സ്യത്തൊഴിലാളികൾക്ക് തൊഴിലെടുക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുകയും ചെയ്തിട്ടുണ്ടെന്ന് അറിയാൻ സാധിച്ചിട്ടുണ്ട്.<br><br>ടി പ്രദേശം പൂർണ്ണമായും ഡ്രെഡ്ജിംഗ് നടത്തി തലമിറ്റം ദ്വീപിനുചുറ്റും പാർശ്വഭിത്തി കെട്ടി സംരക്ഷിച്ചും ചമ്പക്കര കനാലിൽ നിന്ന് ദ്വീപിലേയ്ക്ക് പ്രവേശിക്കുന്ന തോടിന്റെ ഉൽഭവസ്ഥാനത്തും തിരിച്ച് ചമ്പക്കര കനാലിലേയ്ക്ക് പതിക്കുന്ന സ്ഥലത്തും റിംഗ് ബണ്ടുകളും സ്ലൂയിസുകളും സ്ഥാപിച്ച് ഓരുജല മത്സ്യകൃഷി ഫാം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സാധിക്കുന്നതാണെന്നും കൂടാതെ നവീനരീതിയിലുള്ള കൂട് മത്സ്യകൃഷിയ്ക്ക് പരിശീലനം നൽകുന്നതിനുള്ള |

| | | |
|---|---|---|
| | | ട്രെയിനിംഗ് സെന്ററുകൾ ആക്കി മാറ്റാൻ സാധിക്കുന്നതുമാണെന്നുള്ള വിവരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| സി) | പ്രസ്തുത നിവേദനത്തിൽ സമയബന്ധിതമായി അനുകൂല തീരുമാനമെടുക്കുന്നതിനും അതിലൂടെ മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ? | സി) ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് ഓരുജല മത്സ്യകൃഷി നടത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

(signature)
**സെക്ഷൻ ആഫീസർ**